**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **28-01-2026 - ൽ മറുപടിയ്ക്ക്**

**തുറമുഖ വകുപ്പ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അവയ്ക്കായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഹൈഡ്രോഗ്രാഫിക് സർവേ വിംഗിന്റെ ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസ് കെട്ടിടനിർമ്മാണത്തിനായി 28/12/2022 തീയതിയിലെ ജി.ഒ (ആർ റ്റി) നം.699/2022/മതുവ നമ്പർ ഉത്തരവ് പ്രകാരം 101 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 29/04/2025 -ൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 17 ലക്ഷം രൂപ ചെലവഴിച്ചു.<br><br>കേരള മാരിടൈം ബോർഡ് മുഖേന നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് വൈക്കം-തവണക്കടവ് ബോട്ട് റൂട്ടിൽ ബോയകൾ സ്ഥാപിക്കൽ | 17,10,000/- |
| 2 | തുറമുഖ സുരക്ഷയ്ക്കായി ഓഫീസ് സമുച്ചയത്തിൽ സിസിടിവി സ്ഥാപിക്കൽ | 1,85,000/- |
| 3 | തുറമുഖ ഓഫീസറുടെ വസതിയുടെ മുൻഭാഗം ഇന്റർലോക്ക് സ്ഥാപിക്കൽ | 6,57,500/- |
| 4 | ആലപ്പുഴ തുറമുഖ ഓഫീസിലേക്ക് ഐ.വി. റൂൾ നടപ്പാക്കുന്നതിനായി ഉൾനാടൻ ജലയാനങ്ങളുടെ സർവ്വേ, ഇൻസ്പെക്ഷൻ തുടങ്ങിയവ നടത്തുന്നതിനായി ഒരു സ്പീഡ് ബോട്ട് ലഭ്യമാക്കി | 19,40,688/- |
| 5 | ഓഫീസ് സമുച്ചയത്തിന് ചുറ്റും ഇന്റർലോക്ക് വിരിക്കൽ - നിർമ്മിതി കേന്ദ്രയ്ക്ക് വർക്ക് ഓർഡർ നൽകി പ്രവർത്തി പൂർത്തീകരിച്ചു. | 12,00,000/- |
| 6 | ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് മുഹമ്മ കുമരകം ബോട്ട് റൂട്ടിൽ ബോയകൾ സ്ഥാപിക്കൽ | 19,00,000/- |
| 7 | ആലപ്പുഴ തുറമുഖ ഗോഡൗണുകൾ നവീകരിച്ച് പൈതൃക മ്യൂസിയ നിർമ്മാണം | 1,25,00,000/- (തുക മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡിന് അനുവദിക്കേണ്ടതുണ്ട്) |
| 8 | മാരിടൈം ട്രെയിനിങ് ഹാളിലേക്ക് ഫർണിച്ചർ & ഇലക്ട്രോണിക്സ് സംവിധാനം | 2,63,694/- |
| 9 | ആലപ്പുഴ തുറമുഖത്ത് ജോലി ചെയ്തിരുന്ന കയറ്റിറക്ക് തൊഴിലാളികൾക്ക്/ആശ്രിതർക്ക് ഓണത്തോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായവും സൗജന്യ റേഷനും നൽകി | 1,53,35,500/- |
| 10 | മാരിടൈം ട്രെയിനിങ് ഹാൾ കോമ്പൗണ്ടിൽ ഇന്റർലോക്ക് സ്ഥാപിക്കൽ | 4,24,685/- |
| 11 | തുറമുഖ ഓഫീസ് കോമ്പൗണ്ടിൽ ഫ്ലാഗ് പോസ്റ്റ് സ്ഥാപിക്കൽ | 1,00,000/- |